**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1777** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഓട്ടിസം ബാധിച്ചവർക്കുള്ള ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ ഓട്ടിസം ബാധിച്ചവർ എത്ര പേർ ഉണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) | 2015 ലെ ഭിന്നശേഷിക്കാരുടെ സെൻസസ് പ്രകാരം എറണാകുളം ജില്ലയിൽ 389 ഓട്ടിസം ബാധിതർ ഉണ്ട്. |
| (ബി) | ഇവർക്കായി സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) | (ബി) നാഷണൽ ട്രസ്റ്റ് ആക്റ്റിന്റെ നിബന്ധനകൾ പ്രകാരം ഓട്ടിസം ബാധിതരായ വ്യക്തികൾക്ക് ലീഗൽ ഗാർഡിൻഷിപ്പ് അനുവദിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനു സാമൂഹ്യ നീതി വകുപ്പ് ,ലോക്കൽ ലെവൽ കമ്മിറ്റികൾ, ജില്ലാ കളക്ടർ എന്നിവർ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലീഗൽ ഗാർഡിൻഷിപ്പ് ലഭിക്കുന്നതിനു ഫീസ് നൽകേണ്ടതില്ല.<br><br>സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്.<br><br>**കേരള സാമൂഹ്യ സുരക്ഷാമിഷൻ -** സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം ബാധിതർക്കായി സ്പെക്ട്രം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ |

ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.

സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഓട്ടിസം സെന്ററുകൾ**

ഓട്ടിസം ബാധിതർക്കായുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഡവലപ്മെന്റൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി 2500-2600 കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകി വരുന്നു. പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ നിലവിലില്ല. (0-18 വയസ്സ് പ്രായമുള്ള ഓട്ടിസമുള്ള കുട്ടികൾക്ക്)

**2. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക സംവിധാനങ്ങളോട്ടുകൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റെർ സ്ഥാപിച്ച് പ്രവർത്തിച്ച വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട് ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. 2021-22

വർഷത്തിൽ ആ കേന്ദ്രത്തിന്റെ ഭാഗമായി ഒരു ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ നിലവിലില്ല. (0-18 വയസ്സ് പ്രായമുള്ള ഓട്ടിസമുള്ള കുട്ടികൾക്ക്)

**3. രക്ഷിതാക്കൾക്കുള്ള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും, തെറാപ്പികളും ലഭ്യമാക്കുന്നതിനു ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന രക്ഷകർതൃ ശാക്തീകരണ പരിപാടി ു2019-2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. കൂടാതെ, മാതാപിതാക്കൾക്ക് സഹായകരമാം വിധം സഹയോഗി എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച വരുന്നു. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ വൈകല്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ ബുദ്ധിമുട്ടുകളുള്ള കുട്ടികളുടെ മാതാപിതാക്കൾക്കാണ് പ്രസ്തുത പരിശീലനം ലഭ്യമാക്കുന്നത്.

**4. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ - Comprehensive Resource Book on Autism Management**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന കുഞ്ഞുങ്ങളിൽ നേരത്തെ തന്നെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ കണ്ടെത്തുന്നതിന് പീഡിയാട്രിഷ്യൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ഓട്ടിസം മാനേജ്മെന്റ് എന്ന വിഷയത്തിൽ Comprehensive Resource Book on Autism Management എന്ന പുസ്തകം സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് തയ്യാറാക്കുകയും, കേരളത്തിലെ വിവിധ വിദഗ്ധർക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പുസ്തകം ഭിന്നശേഷി രംഗത്ത് ഏറ്റവും മികച്ചതും ഓട്ടിസം മാനേജ്മെന്റിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ റിസോഴ്സ് ബുക്കായും കണക്കാക്കപ്പെടുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന

ആനുകൂല്യങ്ങൾ ഓട്ടിസം ബാധിച്ചവർക്കും നൽകാവുന്നതാണ്. ഓട്ടിസം ബാധിച്ച വിദ്യാർത്ഥികൾക്ക് പ്രതിമാസം, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കായുള്ള വാർഷിക ബത്ത, ഡേ സ്കോളർക്ക് പ്രതിമാസം യാത്രാബത്ത, ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്ക് ബത്ത എന്നീ ഇനങ്ങളിലായി ഒരു വർഷം പരമാവധി 28,500/- രൂപ വരെ സ്കോളർഷിപ്പ് ആയി തദ്ദേശ സ്ഥാപനങ്ങൾ മുഖേന അനുവദിക്കാവുന്നതാണ്. പകൽ സമയം ഡേകെയർ സെന്ററുകളിൽ കഴിയുന്നവർക്കും പ്രതിമാസ ബത്ത അനുവദിക്കാവുന്നതാണ്. ഓട്ടിസം (Autism) നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർക്ക് പ്രതിമാസം 1000 രൂപയും ബത്തയായി നൽകാവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും, ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തീവ്ര ചലന വൈകല്യമുള്ള ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി യാത്ര ചെയ്യുന്നതിന് സൈഡ് ക്യാര്യറുള്ള സ്കൂട്ടറുകൾ വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ ടീച്ചർമാരായി നിയമിക്കാവുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ B Ed Special Education (MR, CP Autism), D Ed Special (MR, CP, AUTISM, Hl, VI) എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്സ് സ്കൂളിന് പുറമെ ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ, ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

ഓട്ടിസം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നൽകിയിട്ടുള്ള വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| | | | സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ/മെഡിക്കൽ ബോർഡിന്റെ വാർഷിക പരിശോധന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് പുതുക്കുന്നുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തിന്, സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഓട്ടിസം ബാധിച്ച വിദ്യാർത്ഥികളും അല്ലാത്തവരും ഏത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്. |
| (സി) | വൈപ്പിൻ മണ്ഡലത്തിൽ ഓട്ടിസം ബാധിച്ചവർ എത്ര പേർ ഉണ്ടെന്നും ഇതിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. ഓട്ടിസം ബാധിതരായ ഏതൊരാൾക്കും മേൽ പരാമർശിച്ച കേന്ദ്രത്തിലൂടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. |
| (ഡി) | ഓട്ടിസം ബാധിച്ചവർക്ക് ആവശ്യമായ ചികിത്സയും ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്.<br><br>കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം കുട്ടികൾക്കായി സ്പെക്ട്രം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.<br><br>ഓട്ടിസം ബാധിച്ചവർ ഉൾപ്പടെ, പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യ നീതി |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓട്ടിസം ബാധിതർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ ഭാഗമായി എല്ലാവർഷവും വിദഗ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ ബ്ലോക്ക്തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ, സഹായ ഉപകരണങ്ങൾ, മറ്റ് അവശ്യം വേണ്ട പിന്തുണാ സംവിധാനങ്ങൾ എന്നിവ നിശ്ചയിക്കുന്നുണ്ട്. തീവ്ര ചലനപരിമിതി മൂലം ഇത്തരം ഓട്ടിസം സെന്ററിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് അവരുടെ വീടുകളിൽ തെറാപ്പി സേവനം എത്തിക്കുന്നതിനുള്ള പ്രോജക്ടുകൾ എസ്.എസ്. കെ. യുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.<br><br>ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളെ ബഡ്സ് സ്കൂളുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപനതലത്തിൽ സ്പീച്ച് ബിഹേവിയർ ആന്റ് ഓക്കുപ്പേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1777 11.10.2024- ൽ മറുപടിയ്ക്ക്

ഓട്ടിസം ബാധിച്ചവർക്കുള്ള ആനുകൂല്യം

ചോദ്യം മറുപടി

ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ ഡോ. ആർ. ബിന്ദു

(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എറണാകുളം ജില്ലയിൽ ഓട്ടിസം ബാധിച്ചവർ എത്ര പേർ ഉണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) 2015 ലെ ഭിന്നശേഷിക്കാരുടെ സെൻസസ് പ്രകാരം എറണാകുളം ജില്ലയിൽ 3 8 9 ഓട്ടിസം ബാധിതർ ഉണ്ട്. |
| (ബി)<br>ഇവർക്കായി സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ബി) നാഷണൽ ട്രസ്റ്റ് ആക്ടിന്റെ നിബന്ധനകൾ പ്രകാരം ഓട്ടിസം ബാധിതരായ വ്യക്തികൾക്ക് ലീഗൽ ഗാർഡിൻഷിപ് അനുവദിക്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിനു സാമൂഹ്യനീതി വകുപ്പ് ,ലോക്കൽ ലെവൽ കമ്മിറ്റികൾ ,ജില്ലാ കളക്ടർ എന്നിവർ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലീഗൽ ഗാർഡിയൻഷിപ് ലഭിക്കുന്നതിനു ഫീസ് നൽകേണ്ടതില്ല.<br><br>സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്.<br><br>കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം ബാധിതർക്കായി സ്പെക്ട്രം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതിയിലൂടെ ഓട്ടിസം |

| | |
|---|---|
| | സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.<br><br>സ്പെക്ട്രം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ഓട്ടിസം സെന്ററുകൾ**<br><br>ഓട്ടിസം ബാധിതർക്കായുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് ഇംഹാൻസിലും ഓട്ടിസം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ് വൈദ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റൽ തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ പ്രൊഫസർ / അസിസ്റ്റന്റ് പ്രൊഫസർ (പീഡിയാട്രീഷൻ) ആണ് സെന്ററിന്റെ നോഡൽ ഓഫീസർ. പ്രതിമാസം ശരാശരി 2500-2600 കുട്ടികൾക്ക് ഈ സെന്ററുകളിലൂടെ സേവനം നൽകി വരുന്നു. പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ നിലവിലില്ല. (0-18 വയസ്സ് പ്രായമുള്ള ഓട്ടിസമുള്ള കുട്ടികൾക്ക്)<br><br>**2 . റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ.**<br><br>ആധുനികവും ശാസ്ത്രീയവും ആയ സംവിധാനങ്ങൾ ഉപയോഗിച്ച് ഓട്ടിസം മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ ആധുനിക |

| | |
|---|---|
| | സംവിധാനങ്ങളോടുകൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട്, ഓട്ടിസം സ്കൂൾ, ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള തെറാപ്പികൾ, പരിശീലനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. 2021-22 വർഷത്തിൽ ആ കേന്ദ്രത്തിന്റെ ഭാഗമായി ഒരു ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും തന്നെ നിലവിലില്ല. (0-18 വയസ്സ് പ്രായമുള്ള ഓട്ടിസമുള്ള കുട്ടികൾക്ക്)<br><br>**3. രക്ഷിതാക്കൾക്കുള്ള പരിശീലനം**<br><br>ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിനു ഉതകും വിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന രക്ഷകർതൃ ശാക്തീകരണ പരിപാടി 2019-2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയുണ്ടായി. കൂടാതെ, മാതാപിതാക്കൾക്ക് സഹായകരമാം വിധം സഹയോഗി എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ പ്രസ്തുത പദ്ധതി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ വൈകല്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് എന്നീ ബുദ്ധിമുട്ടുകളുള്ള കുട്ടികളുടെ മാതാപിതാക്കൾക്കാണ് പ്രസ്തുത പരിശീലനം ലഭ്യമാക്കുന്നത്.<br><br>**4 . ഓട്ടിസം സ്പെക്ട്രം ഡിസോർഡർ** - Comprehensive Resource Book on Autism Management<br><br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന കുഞ്ഞുങ്ങളിൽ നേരത്തെ തന്നെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ കണ്ടെത്തുന്നതിന് പീഡിയാട്രിഷ്യൻസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ഓട്ടിസം മാനേജ്മെന്റ് എന്ന വിഷയത്തിൽ Comprehensive Resource Book on Autism Management എന്ന പുസ്തകം സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് തയ്യാറാക്കുകയും |

| | |
|---|---|
| | കേരളത്തിലെ വിവിധ വിദഗ്ധർക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു പുസ്തകം ഭിന്നശേഷി രംഗത്ത് ഏറ്റവും മികച്ചതും ഓട്ടിസം മാനേജ്മെന്റിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ റിസോഴ്സ് ബുക്കായും കണക്കാക്കപ്പെടുന്നു.<br><br>തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ആനുകൂല്യങ്ങൾ ഓട്ടിസം ബാധിച്ചവർക്കും നൽകാവുന്നതാണ്. ഓട്ടിസം ബാധിച്ച വിദ്യാർത്ഥികൾക്ക് പ്രതിമാസം, വസ്ത്രങ്ങൾക്കുള്ള വാർഷിക ബത്ത, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കായുള്ള വാർഷിക ബത്ത, ഡേ സ്കോളർക്ക് പ്രതിമാസം യാത്രാബത്ത, ഉല്ലാസ യാത്രാ പഠന പര്യടനം മുതലായവയ്ക്ക് ബത്ത എന്നീ ഇനങ്ങളിലായി ഒരു വർഷം പരമാവധി 28,500/- രൂപ വരെ സ്കോളർഷിപ്പ് ആയി തദ്ദേശ സ്ഥാപനങ്ങൾ മുഖേന അനുവദിക്കാവുന്നതാണ്. പകൽ സമയം ഡേകെയർ സെന്ററുകളിൽ കഴിയുന്നവർക്കും പ്രതിമാസ ബത്ത അനുവദിക്കാവുന്നതാണ്. ഓട്ടിസം (Autism) നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർക്ക് പ്രതിമാസം 1000 രൂപയും ബത്തയായി നൽകാവുന്നതാണ്. മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തീവ്ര ചലന വൈകല്യമുള്ള ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി യാത്ര ചെയ്യുന്നതിന് സൈഡ് ക്യാര്യറുള്ള സ്കൂട്ടറുകൾ വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ ടീച്ചർമാരായി നിയമിക്കാവുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയിൽ B Ed Special Education (MR, CP Autism), D Ed Special (MR, CP, AUTISM, HI, VI) എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഡ്സ് സ്കൂളിന് പുറമെ ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ, ബഡ്സ് |

| | |
|---|---|
| | റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ എന്നിവയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>ഓട്ടിസം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ നൽകിയിട്ടുള്ള വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ/മെഡിക്കൽ ബോർഡിന്റെ വാർഷിക പരിശോധന ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് പുതുക്കുന്നുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായത്തിന്, സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. ഓട്ടിസം ബാധിച്ച വിദ്യാർത്ഥികളും അല്ലാത്തവരും ഏത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്. |
| (സി)<br>വൈപ്പിൻ മണ്ഡലത്തിൽ ഓട്ടിസം ബാധിച്ചവർ എത്ര പേർ ഉണ്ടെന്നും ഇതിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (സി) നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. ഓട്ടിസം ബാധിതരായ ഏതൊരാൾക്കും മേൽ പരാമർശിച്ച കേന്ദ്രത്തിലൂടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. |
| (ഡി)<br>ഓട്ടിസം ബാധിച്ചവർക്ക് ആവശ്യമായ ചികിത്സയും ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിവാഹ ധനസഹായം, ഭിന്നശേഷിക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കുള്ള വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും ഉപയുക്തമാക്കാവുന്നതാണ്.<br><br>കേരള സാമൂഹ്യ സുരക്ഷാമിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ഓട്ടിസം കുട്ടികൾക്കായി സ്പെക്ട്രം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതി ആനുകൂല്യങ്ങൾ ഓട്ടിസം ബാധിതർക്കും |

| | |
|---|---|
| | ഉപയുക്തമാക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു.<br><br>ഓട്ടിസം ബാധിച്ചവർ ഉൾപ്പടെ, പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യ നീതി ഉറപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓട്ടിസം ബാധിതർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കും. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ ഭാഗമായി എല്ലാവർഷവും വിദഗ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ ബ്ലോക്ക്തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ തെറാപ്പി സേവനങ്ങൾ, സഹായ ഉപകരണങ്ങൾ, മറ്റ് അവശ്യം വേണ്ട പിന്തുണാ സംവിധാനങ്ങൾ എന്നിവ നിശ്ചയിക്കുന്നുണ്ട്. തീവ്ര ചലനപരിമിതി മൂലം ഇത്തരം ഓട്ടിസം സെന്ററിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് അവരുടെ വീടുകളിൽ തെറാപ്പി സേവനം എത്തിക്കുന്നതിനുള്ള പ്രൊജക്ടുകൾ എസ്.എസ്. കെ. യുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നുണ്ട്.<br><br>ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകളെ ബഡ്സ് സ്കൂളുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്. അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപനതലത്തിൽ സ്പീച്ച് ബിഹേവിയർ ആന്റ് ഓക്കുപ്പേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന |

| | |
|---|---|
| | സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്. |

ഡോ ആർ ബിന്ദു

**MINISTER**